**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1237** **15-10-2026-ൽ മറുപടിയ്ക്ക്**

**ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ അധ്യയന വർഷത്തെ അപേക്ഷിച്ച് 2026-27-ൽ സ്കൂളുകളിൽ എത്ര കുട്ടികളുടെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കഴിഞ്ഞ അധ്യയന വർഷത്തെ അപേക്ഷിച്ച് 2026-27 ൽ സ്കൂളുകളിൽ 1,23,504 കുട്ടികളുടെ കുറവ് ഉണ്ടായിട്ടുണ്ട്.

**(ബി)** ഒന്നാം ക്ലാസിൽ ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്നും കഴിഞ്ഞ വർഷം എത്രയായിരുന്നുവെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** ഒന്നാം ക്ലാസിൽ ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്നും കഴിഞ്ഞ വർഷം എത്രയായിരുന്നുവെന്നും ജില്ല തിരിച്ച് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.

**(സി)** പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നെങ്കിൽ ആയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. കുറഞ്ഞു വരുന്ന ജനന നിരക്കാണ് ഇതിന്റെ പ്രധാന കാരണം. ഇതു മൂലം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ട്.

**(ഡി)** പൊതുവിദ്യാലയങ്ങളിൽ ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** പൊതുവിദ്യാലയങ്ങളിൽ ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അവ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം.1**

| ജില്ല | 2026-27 ൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം | 2025-26 ൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയിരുന്ന കുട്ടികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 17359 | 19527 |
| കൊല്ലം | 12308 | 14294 |
| പത്തനംതിട്ട | 4762 | 5505 |
| ആലപ്പുഴ | 9086 | 10805 |
| കോട്ടയം | 8848 | 9823 |
| ഇടുക്കി | 6336 | 7058 |
| എറണാകുളം | 16228 | 18342 |
| തൃശ്ശൂർ | 21128 | 24483 |
| പാലക്കാട് | 23880 | 26620 |
| മലപ്പുറം | 65265 | 71778 |
| കോഴിക്കോട് | 24558 | 28127 |
| വയനാട് | 7982 | 8666 |
| കണ്ണൂർ | 19660 | 22240 |
| കാസറഗോഡ് | 13458 | 15071 |
| **കേരളം** | **250858** | **282339** |

**അനുബന്ധം (2)**

പൊതുവിദ്യാലയങ്ങളിൽ ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചവരുന്നണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

(i) പാഠ്യപദ്ധതി പരിഷ്കരണം : കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 ന്റെ അടിസ്ഥാനത്തിൽ വിദ്യാർഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പാഠ്യപദ്ധതിയും പാഠപ്പുസ്തകങ്ങളും പരിഷ്കരിച്ചു വരുന്നു. അറിവ് നേടുന്നതിനോടൊപ്പം വിമർശനാത്മകചിന്ത, സർഗാത്മകത, പ്രശ്നപരിഹാരശേഷി, ജീവിത നൈപുണികൾ എന്നിവ വളർത്തുന്നതിന് പ്രാധാന്യം നൽകുന്നു.

(ii) മൂല്യാധിഷ്ഠിത വിദ്യാഭ്യാസം : സ്നേഹം, കാരുണ്യം. സഹജീവിസ്നേഹം. സഹിഷ്ണുത, സമത്വബോധം, മതനിരപേക്ഷത, ലിംഗനീതി മനുഷ്യാവകാശബോധം. ഭരണഘടനയുടെ മൂല്യങ്ങളോടുള്ള ആദരവ് തുടങ്ങിയവ വളർത്തുന്നതിന് പഠനാനുഭവങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നു.

(iii) ഡിജിറ്റൽ വിദ്യാഭ്യാസവും സാങ്കേതികവിദ്യയും : ഡിജിറ്റൽ പഠനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ ആകർഷകവും ഫലപ്രദവും ആക്കുന്നു. ഡിജിറ്റൽ സാക്ഷരത സാങ്കേതികവിദ്യയുടെ ഉത്തരവാദിത്വത്തോടെയുള്ള ഉപയോഗബോധം വളർത്തുന്നു.

(iv) ശാസ്ത്രീയമനോഭാവവും നവീന സാങ്കേതികവിദ്യയുടെ പരിചയവും : ശാസ്ത്രപഠനം, പരീക്ഷണങ്ങൾ, പ്രോജക്ടുകൾ, ശാസ്ത്രപ്രവർത്തനങ്ങൾ, റോബോട്ടിക്സ് തുടങ്ങിയവയിലൂടെ അന്വേഷണത്വര, യുക്തിചിന്ത, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നു.

(v) സമത്വവും ഉൾച്ചേർക്കലും : ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും തുല്യ വിദ്യാഭ്യാസ അവസരം ഉറപ്പു വരുത്തുന്നു

(vi) വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും സുരക്ഷയും : വിദ്യാർത്ഥികളുടെ മാനസികാരോഗ്യം, വൈകാരികവികാസം, ആത്മവിശ്വാസം, പരസ്പര ബഹുമാനം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(vii) ജനാധിപത്യബോധവും സാമൂഹിക പ്രതിബദ്ധതയും : വിദ്യാലയങ്ങളിലെ വിവിധ കൂട്ടായ പ്രവർത്തനങ്ങൾ, ക്ലബ്ബുകൾ, സാമൂഹ്യസേവന പ്രവർത്തനങ്ങൾ, സഹപാഠ്യപ്രവർത്തനങ്ങൾ എന്നിവയിലൂടെ കൂട്ടായ്മ, ഉത്തരവാദിത്വബോധം, നേതൃത്വശേഷി,

പരസ്പര സഹകരണം, ജനാധിപത്യപരമായ സമീപനം എന്നിവ വികസിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു.

**(viii)** പരിസ്ഥിതിസംരക്ഷണവും സുസ്ഥിരവികസനവും, പ്രകൃതിസംരക്ഷണം, ജൈവവൈവിധ്യം, ജലസംരക്ഷണം, മാലിന്യസംസ്കരണം, ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക അനുഭവം ലഭിക്കുന്നതിനും ഉത്തരവാദിത്വബോധം വളർത്തുന്നതിനും ഊന്നൽ നൽകുന്നു.

**(ix)** അധ്യാപക ശാക്തീകരണവും പഠനരീതികളുടെ നവീകരണവും : അധ്യാപകർക്കുള്ള പരിശീലനം. അധ്യാപകസാമഗ്രികളുടെ വികസനം, പ്രവർത്തനാധിഷ്ഠിത പഠനം, ശിശുകേന്ദ്രീകൃത അധ്യാപനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

**(x)** സമഗ്രമായ വ്യക്തിത്വ വികസനം കലാകായികപ്രവർത്തനങ്ങൾ, വായന, സാഹിത്യപ്രവർത്തനങ്ങൾ, തൊഴിൽപരിചയം, ജീവിത നൈപുണി വികസനം എന്നിവയിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും സാമൂഹികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.